# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*116 02.03.2017 ൽ മറുപടിക്ക്**

**പ്രധാന റോഡുകൾ ബി.എം. & ബി.സി. ചെയ്യുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ്ചാണ്ടി | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ എല്ലാ പ്രധാന റോഡുകളും ബി.എം. & ബി.സി. ചെയ്യുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | എ) സംസ്ഥാനത്തെ എല്ലാ പ്രധാന റോഡുകളും ബി.എം. & ബി.സി. ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. ഫണ്ടിന്റെ ലഭ്യതയും റോഡിന്റെ പ്രാധാന്യത്തിനും അനുസൃതമായി ബി.എം & ബി.സി. മാതൃകയിൽ റോഡുകൾ പുനരുദ്ധരിക്കാനാണ് നടപടികൾ സ്വീകരിച്ച് വരുന്നത്. |
| ബി) ബി.എം. & ബി.സി. ചെയ്ത റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ? | ബി) സംസ്ഥാനത്തെ റോഡുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായുള്ള പ്രവൃത്തികൾക്ക് സർക്കാർ ഉത്തരവ്(കൈ) നം.73/2013/പൊമവ തീയതി 31.08.2013 പ്രകാരം **Defect Liability Period** നിശ്ചയിച്ചിട്ടുണ്ട്. ഈ കാലയളവിൽ പ്രസ്തുത പ്രവൃത്തിയിൽ വരുന്ന കേടുപാടുകൾ അതാത് കരാറുകാർ അവരവരുടെ ചിലവിൽ തന്നെ പരിഹരിക്കുന്നതാണ്. നിലവിൽ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും അടിയന്തിര സ്വഭാവമുള്ള പ്രവൃത്തികൾ ചെയ്യുന്നതിനും എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ കീഴിൽ ഡിസ്ട്രിക്റ്റ് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. റോഡ് പരിശോധന നടത്തിയശേഷം അസി. എഞ്ചിനീയർ/ അസി. എക്സി.എഞ്ചിനീയർ മുഖേന നൽകുന്ന റിപ്പോർട്ടുകൾ ഈ ഡിസ്ട്രിക്റ്റ് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി പരിശോധിച്ച് ശുപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി പരിഗണിച്ച് നോൺ പ്ലാൻ ഫണ്ടിൽ നിന്നും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകി യഥാസമയത്ത് പൂർത്തീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ